**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **04-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ സമയബന്ധിതമായി ആയവ തീർപ്പാക്കാൻ പ്രത്യേക അദാലത്ത് നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉടൻ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളത്; | (സി) | 1365 |
| (ഡി) | ഈ വർഷം ഏത് മാസം വരെ ലഭിച്ച അപേക്ഷകളാണ് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് തിരിച്ചയച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ 6 സെക്ഷനുകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലുള്ളത്. അപേക്ഷകരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഓരോ സെക്ഷനുകളും തരംതിരിച്ചിരിക്കുന്നത്. ഓരോ സെക്ഷനിലും തപാലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ തീർപ്പുകൽപ്പിച്ച് വരുന്നു. പലിശ രഹിതചികിത്സാവായ്പ്പാ ക്രമീകരണം, മാരകരോഗങ്ങൾ, മരണപ്പെട്ട ജീവനക്കാരുടെ ബില്ലുകൾ, ആവശ്യമായ രേഖകൾ സഹിതം ഉള്ള റീ സബ്മിഷൻ തുടങ്ങിയ ചികിത്സാ ബില്ലുകൾക്ക് മുൻഗണന നൽകി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് തിരിച്ചയച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ